**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **10-06-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളെപ്പറ്റി പരാതി അറിയിക്കാൻ മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡ് ആസ്തികളുടെ ശാസ്ത്രീയമായ പരിപാലനത്തിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും സഹായിക്കുന്ന റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) വകുപ്പിൽ ഇപ്പോൾ നടപ്പാക്കി വരികയാണ്. ഈ RMMS പദ്ധതിയിൽ റോഡ് സംബന്ധമായ ആസ്തികളുടെ ഡിജിറ്റൈസേഷനും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനും റോഡ് പരിപാലനത്തിനായുള്ള വർക്കുകളുടെ ആസൂത്രണം ചെയ്യുന്നതിനുമുള്ള സോഫ്റ്റ് വെയറുകൾ, റോഡ് ആസ്തികളുടെ നിലവിലെ നിജസ്ഥിതി വിവരങ്ങൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തു ശേഖരിക്കൽ, റോഡ് ആസ്തികളുടെ ഉപഭോക്താക്കൾക്കു അവരുടെ പരാതികൾ മൊബൈൽ ഉപയോഗിച്ചു സമർപ്പിക്കുന്നതിനുള്ള മൊബൈൽ ആപ്പ്, ഉദ്യോഗസ്ഥർക്ക് റോഡ് ആസ്തികളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്പ് എന്നിവ ഉൾപ്പെടുന്നു. റോഡുകളെപ്പറ്റി പരാതി അറിയിക്കുന്നതിനായുള്ള മൊബൈൽ ആപ്പ് ഇപ്പോൾ തയ്യാറാക്കി പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മൊബൈൽ ആപ്പ് ഏതുകമ്പനിയാണ് നിർമ്മിക്കുന്നതെന്നും എത്ര തുകയ്ക്കാണ് നിർമ്മിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിനായുള്ള വിവിധ സോഫ്റ്റ് വെയറുകളും, മൊബൈൽ ആപ്പുകളും മറ്റു അനുബന്ധ സാങ്കേതിക കാര്യങ്ങളും ചെയ്യുന്നതിനായി TRL UK യും Experion Global എന്ന സോഫ്റ്റ് വെയർ കമ്പനിയുമായുള്ള സംയുക്ത സംരംഭവുമായി 4.5 കോടി രൂപയുടെ കരാർ കെ.എസ്.ടി.പി പദ്ധതിയിൽ ഏർപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടെൻഡർ നടപടികളിലൂടെയാണോ ഈ മൊബൈൽ ആപ്പ് നിർമ്മിക്കുന്ന കമ്പനിയെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; | (സി) | അന്താരാഷ്ട്ര ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഈ സംരംഭത്തെ സെലക്ട് ചെയ്തത്. |
| (ഡി) | രണ്ട് വർഷങ്ങൾക്ക് മുൻപ് സമാനമായ ആവശ്യത്തിന് മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ഡി) | ഇപ്പോഴുള്ള മൊബൈൽ ആപ്പ്, റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായാണ് നിലവിൽ വരുന്നത്. രണ്ടു വർഷം മുമ്പ് Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility'(CSR) ഫണ്ട് ഉപയോഗിച്ച് റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിന് ഒരു മൊബൈൽ ആപ്പ് - "പി.ഡബ്ല്യൂ.ഡി ഫിക്സിറ്റ്" 2018 മേയ് മാസം തയ്യാറാക്കിയിരുന്നു. പൊതുമരാമത്ത് റോഡുകളെപ്പറ്റിയുള്ള പരാതികൾ ജിയോ ടാഗ് ചെയ്ത ഫോട്ടോകൾ ഉൾപ്പെടെ അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഈ ആപ്പിൽ ലഭ്യമാക്കിയിരുന്നത്. ആപ്പിന്റെ പ്രവർത്തനങ്ങളും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവും സെർവർ മുതലായവയുടെ ചെലവും വഹിക്കുവാൻ ആപ്പിന്റെ ഡെവലപ്പർ ആയ കമ്പനി തയ്യാറാകാത്തതു കാരണം 2019 ജൂലൈ മാസത്തിനു ശേഷം ആപ്പിന്റെ പ്രവർത്തനം നിലച്ചു. |
| (ഇ) | പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് ആപ്പ് നിർമ്മിക്കാനായി ഏതുകമ്പനിയെയാണ് ചുമതലപ്പെടുത്തിയത്; എത്ര തുകയ്ക്കാണ് ആപ്പ് നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ? | (ഇ) | പൊതുമരാമത്തു വകുപ്പിന്റെ കെട്ടിട വിഭാഗത്തിനു കീഴിലുള്ള തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷനും, Hubspire എന്ന കമ്പനിയും ചേർന്നാണ് പി.ഡബ്യൂ.ഡി ഫിക്സ് ഇറ്റ് എന്ന ആപ്പ് സൗജന്യമായി നടപ്പാക്കിയത്. |

സെക്ഷൻ ഓഫീസർ